**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 559** **28-01-2026-ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ
ശ്രീ. കെ. പ്രേംകുമാർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ശ്രീകൃഷ്ണപുരം ഗവ.എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എസ്.പി.വി ആയ കെ.എസ്.ഐ.ടി.ഐ.എൽ സ്വീകരിച്ചിട്ടുള്ളതും ടെൻഡറിലൂടെ കണ്ടെത്തിയ യോഗ്യമായ കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനുള്ള അംഗീകാരത്തിനായി സർക്കാരിനോട് എസ്.പി.വി അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

**(ബി)** നിലവിൽ പ്രസ്തുത ഫയൽ ആരുടെ കൈവശമാണ് ഉള്ളതെന്നും ടെൻഡർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

**മറുപടി:** നിലവിൽ പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് എസ്.പി.വി അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കുവാൻ എസ്.പി.വി-യ്ക്ക് സാധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**